# ഇന്നു ഞാൻ.. നാളെ നീ ...

മലയാളത്തിൻെറ മഹാകവിയെ നടുക്കിയ ആറക്ഷരങ്ങൾ! അദ്ദേഹത്തെ മാത്രമല്ല ഇന്നും പലരേയും നടുക്കുന്നു ഈ ആറക്ഷരങ്ങൾ; കാരണം അവ മരിച്ചവൻെറ വാക്കുകളാണ്. മരിച്ചവൻ ജീവിച്ചിരിക്കുന്നവനോട് പറയുന്ന മഹൽസത്യം! മരിച്ചവരെപ്പറ്റി ജീവിച്ചിരിക്കുന്നവർ വാതോരാതെ പ്രസംഗിക്കുമ്പോഴും മരിച്ചവർക്ക് പറയുവാൻ മറ്റൊന്നുമില്ല.

താനും മരിക്കുമെന്ന് മരിച്ചവരിൽ ആരും ഒരിക്കലെങ്കിലും വിചാരിച്ചിട്ടു ണ്ടാവില്ല. ജിവിതത്തിൻെറ നെട്ടോട്ടത്തിൽ മരണത്തെപ്പറ്റി ചിന്തിക്കുവാൻ ആർക്കാണ് നേരം? തൻെറ അയൽവാസി മരിച്ചപ്പോൾ ‘ഹാ കഷ്ടം! അവൻെറ കുഞ്ഞുങ്ങൾ അനാഥരായല്ലോ! എങ്കിലും കിടന്നു നരകിക്കാതെ രക്ഷപെട്ടു; നല്ലവരെ ദൈവം നേരത്തേ വിളിക്കും’ എന്നൊക്കെ പുലമ്പി മരണം എന്ന വിഷയത്തെ ഓർമ്മയിൽ നിന്ന് മായിച്ചവനാണ് അയാളും.

കാരണം മരണം ഭയത്തെ ഉളവാക്കുന്ന കാര്യമാണ്. മരണമൊരു യാഥാ ർത്ഥ്യമാണെങ്കിലും അതേപ്പറ്റി ചിന്തിക്കുന്നത് സുഖകരമല്ല; ആരും അതിനെ സ്വപ്നം കാണുവാനും ആഗ്രഹിക്കുന്നില്ല. മരിക്കുവാൻ തുട ങ്ങുന്നവനും മരണം കണ്ടു നിൽക്കുന്നവർക്കും മരണവാർത്ത കേൾക്കു ന്നവർക്കും അത് ഒരുപോലെ നടുക്കം ഉളവാക്കുന്നു. ഒരു മനുഷ്യാ യുസ്സു മുഴുവൻ ജിവിച്ച വയോധികനും, അതികഠിന വേദന സഹിക്കുന്ന രോഗിയും, പട്ടിണിയിലും ദാരിദ്ര്യത്തിലും മുങ്ങി യാതൊരു ആശയുമി ല്ലാതെ കഴിയുന്നവനും, വിവിധ നിരാശകൾമൂലം ആത്മഹത്യക്കൊരുങ്ങു ന്നവനും മരണത്തിൻെറ മുൻപിൽ ഒരുനിമിഷം പതറിപ്പോകുന്നു.

**ഹേ! മരണമേ, നിൻെറ നിൻെറ ജയം എവിടെ? ഹേ! മരണമേ, നിൻെറ വിഷമുള്ള് എവിടെ?**

**മരണത്തിൻെറ വിഷമുള്ള് പാപം; പാപത്തിൻെറ ശംബളം മരണം.**

**അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിനധീനമായ ശരീര ത്തിൽ നിന്നും എന്നെ ആർ വിടുവിക്കും?**

മരണഭീതിക്കുള്ള കാരണം മനുഷ്യനിലെ പാപം തന്നെ; കാരണം പാപ ത്തിന് ശിക്ഷയുണ്ട്. ശരീരത്തിൻെറ മരണത്തിനപ്പുറത്ത് മനുഷ്യാത്മാ വിനുള്ള ജീവിതത്തിലാണ് പാപത്തിൻെറ ശിക്ഷ വിധിക്കുന്നത്.

നിത്യനരകമെന്ന ആ മഹാശിക്ഷയെ നിങ്ങളുടെ ആത്മാവ് ഭയപ്പുടുന്നു. എന്നാൽ നിങ്ങളുടെ ജന്മപാപത്തിനും കർമ്മപാപങ്ങൾക്കും പരിഹാരം വരുത്തിയാൽ മരണത്തെ ഭയക്കാതെ ജീവിക്കാം.

മരണത്തിൽ നിന്നു തിരികെവന്നവർ ആരെങ്കിലുമുണ്ടോ? ഒരുവൻ മാത്രം! മരണത്തെ ജയിച്ച യേശുക്രിസ്തു. മനുഷ്യൻെറ ആത്മാവിനെ നിത്യ മരണത്തിൽ നിന്നും വിടുവിക്കുവാൻ യേശുക്രിസ്തുവിനു കഴിയും.

**ക്രിസ്തു മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിന് അവൻെറ മേൽ കർത്തൃത്വം ഇല്ല. നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും. ക്രിസ്തു നിങ്ങളിലു ണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവ് നീതി നിമിത്തം ജീവിക്കും.**

സ്നേഹിതാ, ഒന്നു തിരിഞ്ഞു നോക്കൂ! നിഴൽ പോലെ നിങ്ങളേയും ഈ മരണം പിന്തുടരുന്നുണ്ട്. അതിൻെറ തണുത്ത കരങ്ങളുടെ പിടിയിൽ നിങ്ങൾ ഇനിയും ആയിട്ടില്ലന്നേയുള്ളു. നിങ്ങൾക്ക് ധൈര്യമായി മരണ ത്തെ നേരിടണമെന്ന് ആഗ്രഹമില്ലേ?

**ഇപ്പോൾ ആകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാ ദിവസം.**

നിങ്ങളുടെ പാപങ്ങൾക്ക് പരിഹാരയാഗമായാണ് യേശുക്രിസ്തു ക്രൂശിൽ മരിച്ചത്. എങ്കിലും മരണത്തെ തോൽപ്പിച്ച് നിങ്ങൾക്ക് നിത്യജീവൻ നൽകുവാൻ ക്രിസ്തുദേവൻ ഉയിർത്തെഴുന്നേറ്റു.

മരണഭീതിയിൽ നിന്നും വിടുതൽ ലഭിക്കുവാൻ ഈ ക്രിസ്തുദേവനെ നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിക്കൂ! ക്രിസ്തുവിൻെറ ക്രൂശുമരണം നിങ്ങൾക്കുവേണ്ടിയായിരുന്നു എന്ന് അംഗീകരിക്കൂ!! പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കൂ!!! നിങ്ങളുടെ ഹൃദയമിടിപ്പും ചിന്താശക്തിയും നിലക്കുന്നതിനു മുൻപ് നിങ്ങളുടെ ആത്മാവിൻെറ നിത്യജീവിതം ഉറപ്പാക്കിയാൽ നിത്യ നരകത്തിൽനിന്നും ശിക്ഷാവിധിയിൽ നിന്നും രക്ഷനേടാം.

**യേശുക്രിസ്തുവിൻെറ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.**

നിങ്ങളിലുള്ള പാപവിഷത്തെ യേശുക്രിസ്തുവിൻെറ രക്തത്താൽ കഴുകികളയൂ! മരണഭയത്തിൽ നിന്നും മുക്തി നേടൂ!!